സർക്കാർ ഉത്തരവ് (സാധാ) നമ്പർ 448/2015/വ്യവ തീയതി 6-6-2015 പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി&ഡി) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണ രംഗത്ത് പുതിയ കൂലിഘടന നിശ്ചയിക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കശുവണ്ടി മേഖലയിൽ മിനിമം കൂലി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ എന്ന് കമ്മിറ്റി പരിശോധിക്കുന്നതാണ്. ഇതുകൂടാതെ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്ക് ഒരു സമഗ്ര പാക്കേജ് വേണമെന്ന കാഷ്യൂ മാനുഫാക്ചേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനനുസരിച്ച് ഉല്പാദനശേഷി വർദ്ധിക്കുകയും അതിന് ആനുപാതികമായി പുതിയ തൊഴിൽഘടനയ്ക്ക് രൂപം നൽകേണ്ടതായും വരും. ഈ സാഹചര്യത്തിലാണ് പുതിയ കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയത്. നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേജസ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലും കാപെക്സിലും നടപ്പിലാക്കിയിട്ടുണ്ട്.

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് മുഖാന്തിരം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

215 (3369) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് പോലുള്ള മേളകളിലൂടെ ഇതിനോടകം എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു; ഇതിൽ തദ്ദേശ വ്യവസായ സംരംഭകരുടെ ഉടമസ്ഥതയിലുള്ളവ എത്ര; വിദേശ സംരംഭകരുടെ ഉടമസ്ഥതയിലുള്ളവ എത്ര; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ജില്ലയിലാണെന്നും, അതിനായി നൽകിയ സൗകര്യങ്ങളും സൗജന്യങ്ങളും എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കപ്പെട്ടു; ഇവ ഏതെല്ലാം വിഭാഗങ്ങളിൽ; കേരളീയരായ എത്ര യുവാക്കൾക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2003 ജനുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് (ജിം) എന്ന സംരംഭത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ വിദേശ സംരംഭകരുടെ പദ്ധതികൾ ഒന്നുംതന്നെ വന്നിട്ടില്ല. എന്നാൽ തദ്ദേശ വ്യവസായ സംരംഭകരുടെ 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ ആരംഭിച്ച ജില്ല, അതുമൂലം ലഭിച്ച തൊഴിലവസരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ജിം സംഗമത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച 19 പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള പദ്ധതികളൊന്നും ഉൾപ്പെടുന്നില്ല.

**അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കൽ**

216 (3370) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അവിടെ സ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പ് മുഖാന്തിരം ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ അവിടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) അങ്കമാലി ഇൻകെല്ലിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിനും സ്ഥലത്തിനുമായി നാളിതുവരെ പല പ്രാവശ്യങ്ങളിലായി കഴിഞ്ഞ നാല് വർഷങ്ങളിൽ പത്രങ്ങളിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. പദ്ധതികളുടെ മേന്മയുടെയും വയബിലിറ്റിയുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.